# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4873 — 04.07.2012-ൽ മറുപടിയ്ക്ക്

## മുന്നോക്കസമുദായ കോർപ്പറേഷന്റെ പ്രവർത്തനം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ | **ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി)** |
| (എ) | മുന്നോക്കസമുദായ കോർപ്പറേഷൻ രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്.<br>25.04.2012-ലെ സ.ഉ.(എം.എസ്) നം. 84/12/പൊ.ഭ.വ, 14.06.2012-ലെ സ.ഉ.(എം.എസ്) നം.150/12/പൊ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ സമഗ്രവികസനത്തിനായി 1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം "കേരളാ സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേഡ് കമ്മ്യൂണിറ്റീസ് " എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | മുന്നോക്കസമുദായ കോർപ്പറേഷന്റെ മേഖലാ ഓഫീസുകൾ തുടങ്ങുന്നത് എവിടെയൊക്കെയാണ് ; | (ബി) കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിലാണ് മേഖലാ ഓഫീസുകൾ തുടങ്ങുന്നത്. |
| (സി) | ആദ്യ പ്രമോർട്ടർമാരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ? | (സി) ഉണ്ട്.<br>പൊതുഭരണ വകുപ്പ് സെക്രട്ടറി ശ്രീ. കെ.ആർ ജ്യോതിലാൽ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. വി.പി. ജോയ്, സഹകരണ വകുപ്പ് സെക്രട്ടറി ഡോ. വി.എം. ഗോപാല മേനോൻ എന്നിവരെയാണ് ആദ്യ പ്രൊമോട്ടർമാരായി നാമനിർദ്ദേശം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ